കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 3/2023

13.01.2023

# ചോദിക്കാനും പറയാനും ഇവിടെ ആളുണ്ട്

സഖാക്കളെ,

തൊഴിലാളികൾക്ക് അർഹമായ മുഴുവൻ ആനുകൂല്യങ്ങളും നേടിയെടുക്കാൻ വിശ്രമരഹിതമായി പോരാടുന്ന സംഘടനയാണ് നമ്മുടെ സംഘടന. അതിൽ സ്ഥിരം തൊഴിലാളികളെന്നോ അസ്ഥിര തൊഴിലാളികളെന്നോ നാം വേർതിരിക്കാറില്ല. നമ്മുടെ മുന്നിൽ ഏറ്റവും കൂടുതൽ അവഗണന അനുഭവിക്കേണ്ടി വരുന്ന തൊഴിലാളികൾ എന്ന നിലയിൽ ഡെയിലി വേജർമാർക്കും സ്വീപ്പർമാർക്കും വേണ്ടിയും നിരവധിയായ വിഷയങ്ങളിൽ ഇടപെടുകയും സമാശ്വാസം ഉണ്ടാക്കുകയും ചെയ്തതും അതിന്റെ ഭാഗമായാണ്. ഇത്തവണ മാനേജ്മെന്റിന്റെ ധിക്കാരപരമായ മറ്റൊരു പ്രവർത്തനത്തിനെതിരെ കൂടി നാം പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ബോണസ് വിഷയവുമായി ബന്ധപ്പെട്ടാണ്. ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഒരു നിയമമാണ് ബോണസ് ആക്ട്. അത് പ്രകാരം ഒരു സാമ്പത്തിക വർഷം ഏത് സ്ഥാപനത്തിൽ ആയാലും 30 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത തൊഴിലാളിക്ക് അതിനാനുപാതികമായി ബോണസ് നൽകണം എന്നാണ് വ്യവസ്ഥ ചെയ്യുന്നത്.

ദൗർഭാഗ്യവശാൽ മിക്കവാറും കാര്യങ്ങളിൽ കാണിക്കുന്നത് പോലെ ഇപ്പോഴത്തെ മാനേജ്മെന്റ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമം പോലും തങ്ങൾക്ക് ബാധകമല്ല എന്നാണ് പറയുന്നത്. ബോണസ് നൽകണമെങ്കിൽ PF ഉണ്ടാകണം എന്നാണ് നിഷ്കർഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സംഘടനയുമായി ചർച്ച നടക്കുകയും മുഴുവൻ ജനറൽ മാനേജർമാരുടെയും മധ്യസ്ഥതയിൽ ഒത്തുതീർപ്പ് ഉണ്ടാക്കുകയും ചെയ്തതാണ്. എന്നാൽ വിഷയത്തിൽ ഇടപെട്ട ജനറൽ മാനേജർമാരുടെ വിശ്വാസ്യത മുഴുവൻ ഇല്ലാതാക്കിക്കൊണ്ട് ഇപ്പോഴത്തെ HR വിംഗ്, ബോണസ് നൽകാൻ കഴിയില്ല എന്ന പിന്തിരിപ്പൻ നിലപാട് കൈക്കൊണ്ട് മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. സമാനമായ നിരവധി അപക്വമായ നിലപാടുകൾ ഇന്നേവരെ ഒരു കാലത്തും ഉണ്ടായിട്ടില്ല എന്നാണ് നമ്മുടെ പൂർവികർ പറയുന്നത്. ഈയൊരു പശ്ചാത്തലത്തിൽ ലേബർ കമ്മീഷണർ മുമ്പാകെ നാം പരാതി സമർപ്പിക്കുകയും ജനുവരി 13 ന് അസിസ്റ്റന്റ് ലേബർ കമ്മീഷണർ ചർച്ചയ്ക്ക് വിളിക്കുകയും ചെയ്തു.

EPF ആനുകൂല്യം ഇല്ലാത്ത ജീവനക്കാർക്ക് ബോണസ് നൽകുന്നില്ല എന്നതാണ് നാം ഉയർത്തുന്ന ഏക വിഷയം എന്നും നിയമപരമായി അവകാശപ്പെട്ട ബോണസ് അവർക്ക് അനുവദിക്കണം എന്നും നാം ആവശ്യം ഉന്നയിച്ചു.

അങ്ങനെ ഒരു വിഭാഗം ഇല്ല എന്നും എല്ലാവർക്കും EPF സൗകര്യം ഉണ്ട് എന്നും അങ്ങനെയുള്ളവരുടെ ഒരു പൂള് തയ്യാറാക്കിയിട്ടുണ്ടെന്നും ആ പൂളിൽ നിന്ന് മാത്രമേ താൽക്കാലിക ജീവനക്കാരെ ജോലിക്ക് നിയോഗിക്കാൻ പാടുള്ളൂ എന്നുമാണ് നാം നിർദേശം കൊടുത്തത് എന്നാണ് മാനേജ്മെന്റ് ആദ്യം വാദം ഉന്നയിച്ചത്. എന്നാൽ എഴുനൂറിലധികം വരുന്ന OATD തസ്തികയിലേക്ക് നൂറ്റമ്പതിൽ താഴെ മാത്രമേ സ്ഥിരം ജീവനക്കാർ ഉള്ളൂ എന്നും നാനൂറിനടുത്ത് EPF ആനുകൂല്യം ഉള്ള ജീവനക്കാർ കഴിഞ്ഞാൽ നൂറിലധികം ജീവനക്കാർക്കും സ്വീപ്പർമാർക്കും EPF സൗകര്യം ഇല്ല എന്നും നാം ബോധ്യപ്പെടുത്തി. EPF ഇല്ലാത്തവർക്ക് ബോണസ് നൽകേണ്ടതില്ല എന്ന മാനേജ്മെന്റ് സന്ദേശവും RM മാർ പല വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ കൊടുത്ത നിർദേശവും താൽക്കാലിക ജീവനക്കാർ നൽകിയ പരാതിയും നാം ALC ക്ക് മുമ്പാകെ കാണിക്കുകയുണ്ടായി.

എവിടെയാണ് ബോണസ് നൽകുന്നതിന് EPF വേണം എന്ന് പറയുന്നത് എന്നും കേന്ദ്രസർക്കാർ നിയമത്തെ മറികടക്കാൻ ഒരു ബാങ്ക് മാനേജ്മെന്റിന് അധികാരം ഉണ്ടോ എന്നുമുള്ള എ.എൽ.സി.യുടെ ചോദ്യത്തിന് മുന്നിൽ മറുപടിയൊന്നും പറയാൻ മാനേജ്മെന്റ് പ്രതിനിധികൾക്ക് കഴിഞ്ഞില്ല.

ഒടുക്കം, EPF ആനുകൂല്യം ഇല്ലാത്തവരുടെ വിവരങ്ങൾ നാം എവിടെയും maintain ചെയ്യുന്നില്ല എന്നതിനാലാണ് നമുക്ക് കൊടുക്കാൻ കഴിയാത്തത് എന്ന് മാനേജ്മെന്റ് പറയുകയുണ്ടായി.

കാര്യങ്ങൾ മനസ്സിലാക്കിയ ALC, നമ്മുടെ ബാങ്കിൽ നടക്കുന്നത് unfair labour practice ആണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം പറയുകയും ഒരു മണിക്കൂർ നേരത്തേക്ക് താൽക്കാലിക തൊഴിലാളിയെ നിയോഗിക്കുകയാണെങ്കിൽ പോലും കൃത്യമായ രേഖ ഉണ്ടാക്കണം എന്നതാണ് നിയമം എന്ന് അറിയിക്കുകയും ചെയ്തു. ഒരു സാമ്പത്തിക വർഷം ഏതെങ്കിലും ഒരു തൊഴിലാളി 30 ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അയാൾക്ക് ബോണസ് നൽകണം എന്ന നിയമത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല എന്ന് അദ്ദേഹം അറിയിച്ചു. തീരുമാനമെടുക്കാൻ അധികാരമില്ല എന്ന് പറഞ്ഞതിനാൽ authorisation letter ഉൾപ്പെടെ എടുത്ത് കൊണ്ട് അടുത്തയാഴ്ച ALC ക്ക് മുമ്പാകെ ഹാജരാകണമെന്ന് മാനേജ്മെന്റ് പ്രതിനിധികളോടും ബോണസ് ലഭിക്കാത്തവരുടെ വിശദമായ വിവരങ്ങൾ സംഘടിപ്പിച്ച് ഹാജരാകണമെന്ന് സംഘടനയോടും നിർദേശിച്ചു.

സഖാക്കളെ,

തൊഴിലാളി വിരുദ്ധമായ പല നടപടികളും നമുക്ക് ചുറ്റും തിമിർത്താടുകയാണ്. പല ബാങ്കുകളിലും OATD എന്ന കേഡർ തന്നെ outsource ചെയ്തു കഴിഞ്ഞു. നമ്മുടെ ബാങ്കിലും ഈ കേഡർ outsource ചെയ്യണം എന്ന ആഗ്രഹമാണ് നമ്മുടെ മാനേജ്മെന്റിനെ മുന്നോട്ട് നയിക്കുന്നത്. കഴിഞ്ഞ വർഷം വരെ പ്രത്യേകിച്ച് പരാമർശിക്കാതിരുന്ന ഈ വിഷയം ഇത്തവണ കുത്തിപ്പൊക്കി മാനേജ്മെന്റ് issue ആക്കുന്നതിനു പിന്നിലും ഇതേ അജണ്ടയാണ് എന്നാണ് നാം മനസ്സിലാക്കുന്നത്. **SBI യിലും കനറാ ബാങ്കിലും മാനേജ്മെന്റ് അനുകൂല ഭൂരിപക്ഷ സംഘടനകളുടെ കയ്യൊപ്പോടു കൂടി നടപ്പിലാക്കിയ നയം ഇവിടെയും നടപ്പിലാക്കാൻ കഴിഞ്ഞ കുറച്ച് കാലങ്ങളായി മാനേജ്മെന്റ് ശ്രമിച്ചു വരികയാണ്. Outsource ചെയ്യണം എന്ന അജണ്ടയാണ് മാനേജ്മെന്റിന്റെ മനസ്സിലെങ്കിൽ, ആ അജണ്ട ചവിട്ടിപ്പുറത്താക്കാൻ കെൽപ്പുള്ള സംഘടനയാണ് ഇവിടെ ഉള്ളത് എന്ന കാര്യം മനസ്സിലാക്കണം എന്ന് വിനയത്തിന്റെ ഭാഷയിൽ ഉത്തരവാദപ്പെട്ടവരെ ഓർമിപ്പിക്കുകയാണ്.** വളരെ മികച്ച രീതിയിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്ന ഒരു സ്ഥാപനത്തിന്റെ വ്യാവസായിക അന്തരീക്ഷം മികച്ച നിലയിൽ നില നിർത്തുക എന്നത് മാനേജ്മെന്റിൽ അർപ്പിതമായിട്ടുള്ള ഉത്തരവാദിത്തമാണ്. എന്നാൽ കഴിഞ്ഞ കുറച്ചു നാളുകളായി നമുക്ക് കാണാൻ കഴിയുന്നത് ഈഗോയും അപക്വതയും കൈമുതലാക്കിയ ഇടപെടൽ വഴി ആന കയറിയ കരിമ്പിൻ തോട്ടം പോലെ നമ്മുടെ HR വിംഗിനെ ജീവനക്കാർക്ക് മുമ്പിൽ അവഹേളിക്കുന്ന നടപടിയാണ്. രാപ്പകലില്ലാതെ അദ്ധ്വാനിക്കുന്ന HR വിംഗിലെ ജീവനക്കാരെപ്പോലും വിശ്വാസത്തിലെടുക്കാൻ ഇന്നത്തെ മാനേജ്മെന്റിന് കഴിയുന്നില്ല അല്ലെങ്കിൽ ശ്രമിക്കുന്നില്ല എന്നത് മാനേജ്മെന്റിന്റെ ദയനീയ പരാജയത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. ആയതിനാൽ ജൈവികമായ ചർച്ചകൾ നടത്തി ജീവനക്കാരെയും സംഘടനയെയും വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകുന്ന മെച്ചപ്പെട്ട രീതിയിലേക്ക് നമ്മുടെ മാനേജ്മെന്റ് തിരിച്ചു വരണമെന്നും അല്ലാത്തപക്ഷം ഇവിടെയുണ്ടാകുന്ന വ്യാവസായിക അന്തരീക്ഷത്തിന്റെ തകർച്ചയ്ക്ക് ഉത്തരവാദികൾ മാനേജ്മെന്റ് മാത്രമായിരിക്കുമെന്നും നാം സൂചിപ്പിക്കുകയാണ്.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karline29.deviantart